VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

10 A. M.] (i) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനാറാമതു റിപ്പോർട്ട് സഭയുടെ അംഗീകാരത്തിനുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

(ii) Motion for leave to introduce the Kerala Cashew Worker's Welfare Fund Bill, 1970.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി റൂൾ 71 പ്രകാരം ഈ ബില്ലിന് ഒബ്ജക്ഷൻ പറഞ്ഞിരിക്കുകയാണ്. അവതാരകനു പറയാനുള്ളതു പറയാം.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, റൂൾ 71 അനുസരിച്ച് ഒരു അനൗദ്യോഗികാംഗത്തിന്റെ ബിൽ ഒപ്പോസ് ചെയ്താൽ സഭയുടെ തീരുമാനമാണു നോക്കേണ്ടതു്. അങ്ങ് കഴിഞ്ഞ തവണ അതെപ്പറ്റി ഒരു തീരുമാനം എടുത്തതുകൊണ്ടാണ് ഞാൻ ഒന്നും പറയാതിരുന്നത്. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഒപ്പോസ് ചെയ്തുകൊണ്ട് രണ്ടു കാരണങ്ങളാണു പറഞ്ഞത്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണത്തെ കുറിച്ചു പ്രസ്താവിച്ചിരുന്നു, അതുകൊണ്ടു റൂൾ 265 അനുസരിച്ച് അങ്ങനെയൊരു ചർച്ച ചട്ടരഹിതമാണ് എന്നുള്ളതാണ് അതിലൊന്ന്. സർ, റൂൾ 265 ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ബാധകമല്ല. അങ്ങനെയൊരു നോട്ടീസ് നമ്മുടെ സഭയുടെ മുമ്പിലില്ല. 'ആൻറിസിപ്പേഷൻ ഓഫ് ഡിസ്ക്ഷൻ' എന്നുള്ളതിനകത്തും ഇതു വരുന്നില്ല. അങ്ങനെ ഉണ്ടെങ്കിൽ തന്നെയും അതേപ്പറ്റി തീരുമാനിക്കാവുന്നതാണ്. മറ്റൊന്ന് അദ്ദേഹം പറഞ്ഞത് ഈ ബിൽ ഒരു അനൗദ്യോഗിക ബില്ലായി വന്നാൽ അതിനു കാലതാമസം വരും എന്നാണ്. നമ്മുടെ രാജ്യത്തിന്റെ നിയമനിർമ്മാണ ചരിത്രത്തിൽ, മൂന്നാം ലോകസഭയിലും മറ്റു സമ്മേളനങ്ങളിലുമൊക്കെ ധാരാളം അനൗദ്യോഗിക ബില്ലുകൾ പാസാക്കിയിട്ടുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സഭാനാഥനായും പ്രധാനമന്ത്രിയായും ഭരണം നടത്തിയിരുന്ന പാർലിമെൻറിൽ നിരവധി അനൗദ്യോഗിക ബില്ലുകൾ വളരെ കാലതാമസമില്ലാതെ പാസാക്കിയിട്ടുള്ള ചരിത്രമുണ്ട്. ആവശ്യമാണെന്നുണ്ടെങ്കിൽ ഈ ബില്ലും ഒട്ടും കാലതാമസമില്ലാതെ ഈ നിയമസഭാ സമ്മേളനക്കാലത്തുതന്നെ ഒരു സെലക്ട് കമ്മിറ്റിക്കു വിട്ട് പാസാക്കാവുന്നതാണ്. ഈ സമ്മേളനകാലത്തുതന്നെ പാസാക്കാം. മറ്റൊന്ന് ഈ കാര്യത്തിൽ ശ്രീ. ദേവസ്സിക്കുട്ടി ഗവൺമെൻറിൽ അർപ്പിച്ച വിശ്വാസമാണ്. ആ കാര്യത്തിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. സർ, ഞാൻ ഈ ബില്ലിനു നോട്ടീസ് കൊടുത്തത് ഫെബ്രുവരി 5-ാം തീയതിയാണ്. ഗവർണ്ണർ ഈ നിയമനിർമ്മാണത്തെപ്പറ്റി സൂചിപ്പിക്കുന്നത് 16-ാം തീയതിയാണ്. ഞാൻ നോട്ടീസു കൊടുത്തതിനുശേഷം തൊണ്ടികക്ഷികളുടെ ലീഡേഴ്സ് മീറ്റിംഗിൽ

LIBRARY ARCHIVES Kerala Legislative Assembly